**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **07-10-2024 - ൽ മറുപടിയ്ക്ക്**

**അവയവദാനം പ്രോത്സാഹിപ്പിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | മരണാനന്തര അവയവദാനം, അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവദാനം, ജീവകാരുണ്യപരമായ കാരണങ്ങളാൽ അടുത്ത ബന്ധുക്കൾ അല്ലാത്തവർ തമ്മിലുള്ള അവയവദാനം എന്നിവയാണ് നിയമവിധേയമായ മൂന്നു തരം അവയവദാനങ്ങൾ. മരണാനന്തര അവയവദാന പ്രവർത്തനങ്ങൾ സർക്കാർ സ്ഥാപനമായ കെ-സോട്ടോ യുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തുന്നു. 1994 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട്, 2014 ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ്, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ എന്നിവ പ്രകാരമാണ് മരണാനന്തര അവയവദാന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നത്. അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവദാനത്തിനുള്ള അപേക്ഷ പരിശോധിച്ച് അനുമതി നൽകുന്നത് അതാത് ട്രാൻസ്പ്ലാന്റ് സെന്ററുകൾ കേന്ദ്രീകരിച്ചുള്ള കോംപീറ്റന്റ് അതോറിറ്റിയും ബന്ധുവേതര അവയവദാനത്തിന് അനുവാദം നൽകുന്നത് ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ തല ഓതറൈസേഷൻ കമ്മിറ്റികളുമാണ്. ലഭിക്കുന്ന അപേക്ഷകൾ ചട്ട പ്രകാരം പരിശോധിച്ച് നിയമാനുസൃതമല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതിനും ഈ മേഖലയിലെ ചൂഷണം ഒഴിവാക്കുന്നതിനുമുള്ള പരിശീലനം ഇത്തരം കമ്മിറ്റികൾക്കു നൽകുന്നുണ്ട്.<br><br>ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ സുഗമമായ പ്രവർത്തനത്തിനായി കെ-സോട്ടോ ഒരു എസ്.ഒ.പി. (മാതൃക പ്രവർത്തന മാർഗരേഖ) തയാറാക്കിവരുന്നുണ്ട്. അവയമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ തീരുമാനത്തിന്മേൽ ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | അപ്പീലുകൾ പരിശോധിക്കുന്നതിനും അതിൽ തീരുമാനമെടുക്കുന്നതിനുമായി വിവിധ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി 25.09.2024 - ലെ സ.ഉ (എം.എസ്) നം. 242/2024/ആ.കു.വ പ്രകാരം ഒരു സംസ്ഥാന തല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അവയവം മാറ്റിവെയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 25.08.2024 -ലെ സ.ഉ (പി) നം. 78/2024/ആ.കു.വ പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അതുവഴി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയ നടക്കുന്നതു തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലാണ്. വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ മെച്ചപ്പെടുത്തുന്നതിനായി ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്. പുതുതായി ഓപ്പറേഷൻ തീയേറ്റർ ലൈറ്റ് സ്ഥാപിച്ചു എയർ കണ്ടീഷനിങ് സംവിധാനം അറ്റകുറ്റപ്പണികൾ ചെയ്തു. ട്രാൻസ്പ്ലാന്റിലേക്കായി Defibrillator, Patient warmer system, ECG Machine, ABG machine, Ice Crusher എന്നീ ഉപകരണങ്ങൾ എന്നിവ പുതുതായി വാങ്ങിയിട്ടുണ്ട്. അണുബാധ നിയന്ത്രിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി മാസത്തിൽ നാലോളം ട്രാൻസ്പ്ലാന്റുകൾ ചെയ്യാൻ സാധിക്കുന്നുണ്ട്. സെപ്റ്റംബർ മാസം മൂന്ന് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും ഒരു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടന്നിരുന്നു. ഒക്ടോബർ മാസത്തിൽ നാല് വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. 2022-ൽ അനസ്തേഷ്യ വിഭാഗത്തിലെയും ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെയും കൂടുതൽ ഡോക്ടർമാർക്കും നഴ്സ്മാർക്കും പരിശീലനം നൽകിയതിന്റെ ഫലമായി അതിനു ശേഷം നടന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സുഗമമായി നടത്തുവാൻ സാധിച്ചു. Transfusion Medicine വിഭാഗത്തിലെ ROTEM എന്ന ഉപകരണം ഉപയോഗിച്ചതു മൂലം രക്തം കട്ടപിടിക്കുന്ന പ്രക്രിയ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിച്ചു. ഇതിന്റെ നിരീക്ഷണം കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് ശേഷമുള്ള പരിചരണത്തിൽ വളരെ പ്രധാനമാണ്.<br><br>കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ വൃക്ക, ഹൃദയം, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾ നടന്നു വരുന്നുണ്ട്. ഈ ശസ്ത്രക്രിയകൾക്കായി എല്ലാ വിഭാഗങ്ങൾക്കും മോഡ്യുലാർ ഓപ്പറേഷൻ തീയറ്റർ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളും ഐ.സി.യു സൗകര്യങ്ങളും ലഭ്യമാണ്. എല്ലാ ഒന്നിടവിട്ട ആഴ്ചകളിലും വൃക്ക മാറ്റ ശസ്ത്രക്രിയകളും രോഗികൾ തയ്യാറാകുന്നതിനനുസരിച്ച് കരൾ മാറ്റ ശസ്ത്രക്രിയകളും മരണാന്തര അവയവദാനത്തിലൂടെ ലഭിക്കുന്ന അവയവങ്ങളുടെ അലർട്ട് ലഭിക്കുന്നതിനനുസരിച്ചുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്.<br><br>കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ മരണാനന്തര അവയവദാനം വഴിയുള്ളതും ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റ ശസ്ത്രക്രിയകളും നടത്തുന്നുണ്ട്. പുതുതായി രക്തഗ്രൂപ്പ് മാറ്റിയുള്ള വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയയും നടന്നു വരുന്നു. |
| (സി) | അവയവദാനത്തിന് മാത്രമായി പുതിയ ഒരു സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | ഉണ്ട്. കോഴിക്കോട് ആസ്ഥാനമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ & ടിഷ്യു ട്രാൻസ്പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി HITES (HLL ഇൻഫ്രാടെക് സർവീസസ് ലിമിറ്റഡ്) എന്ന സ്ഥാപനത്തെ നിശ്ചയിക്കുകയും ഇവർ തയ്യാറാക്കിയ പ്രാഥമിക പ്രൊജക്റ്റ് പ്രൊപ്പോസൽ, മാസ്റ്റർ പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ കിഫ്ബി മുഖാന്തിരം, ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് 558.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതു വരെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ പുതിയ PMSSY ബ്ലോക്കിൽ അവയവമാറ്റ ശസ്ത്രക്രിയാ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള താത്കാലിക സംവിധാനം ഒരുക്കുന്നതിന് അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. ചേവായൂർ ഗവൺമെന്റ് ത്വക്ക് രോഗാശുപത്രി ക്യാമ്പസിലുള്ള സ്ഥലം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി പാട്ട വ്യവസ്ഥയിൽ കൈമാറുന്നതിന്റെ ഭാഗമായുള്ള ഭൂമി സർവ്വേ ആരംഭിച്ചിട്ടുണ്ട്. സാധാരണക്കാർക്ക് സഹായകരമായ രീതിയിൽ അവയവദാന ശസ്ത്രക്രിയകൾ ഒരുക്കാൻ സർക്കാർ മേഖലയിൽ വലിയ പ്രയത്നമാണ് ഇതു വഴി സാധ്യമാകുന്നത്. ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കാനും അവയവത്തിനായുള്ള കാത്തിരിപ്പ് കുറയ്ക്കാനും ഇതിലൂടെ സാധിക്കും. |

സെക്ഷൻ ഓഫീസർ